## ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2025 – മാണ്ട് നവംബർ മാസം 29 –ാം തീയതി

# CMP 82/2025 IN MC 20/2020

ഹർജിക്കാർ : 1. നസ്ലി പി.എസ്സ്, 35 വയസ്സ്, W/o. റിയാസ് മോൻ, പുത്തൻപറമ്പിൽ വീട്, പുന്നപ്ര പി.ഒ, പുന്നപ്ര വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ – 688 004
നിലവിൽ താമസം : പുത്തൻവീട്, ചങ്ങംകുളങ്ങര, ഓച്ചിറ പി.ഒ, കരുനാഗപ്പള്ളി താലൂക്ക്, കൊല്ലം – 690 526

2. ഇർഫാന യാസ്മിൻ (മൈനർ), 8 വയസ്സ്, D/o.റിയാസ് മോൻ
പുത്തൻപറമ്പിൽ വീട്, പുന്നപ്ര പി.ഒ, പുന്നപ്ര വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ – 688 004
നിലവിൽ താമസം : പുത്തൻവീട്, ചങ്ങംകുളങ്ങര, ഓച്ചിറ പി.ഒ, കരുനാഗപ്പള്ളി താലൂക്ക്, കൊല്ലം – 690 526

3. മുഹമ്മദ് ഇർഫാൻ, 7 വയസ്സ്, S/o. റിയാസ് മോൻ
പുത്തൻപറമ്പിൽ വീട്, പുന്നപ്ര പി.ഒ, പുന്നപ്ര വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ – 688 004
നിലവിൽ താമസം : പുത്തൻവീട്, ചങ്ങംകുളങ്ങര, ഓച്ചിറ പി.ഒ, കരുനാഗപ്പള്ളി താലൂക്ക്, കൊല്ലം – 690 526
(മൈനറായ രണ്ടും മൂന്നും ഹർജിക്കാരെ പ്രതിനിധീകരിച്ച് മാതാവായ ഒന്നാം ഹർജിക്കാരി)

(പ്രതിനിധീകരിക്കുന്നത് അഡ്വ. യാസിർ മാന്തളശ്ശേരിൽ)

എതൃകക്ഷികൾ : 1. റിയാസ് മോൻ, 40 വയസ്സ്, S/o. അബ്ദുൽ ലത്തീഫ്, പുത്തൻപറമ്പിൽ വീട്, പുന്നപ്ര പി.ഒ,പുന്നപ്ര വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ – 688 004

2. അബ്ദുൽ ലത്തീഫ്, 65 വയസ്സ്, F/o. റിയാസ് മോൻ
പുത്തൻപറമ്പിൽ വീട്, പുന്നപ്ര പി.ഒ, പുന്നപ്ര വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ – 688 004

3. സൈഫുന്നീസ, 60 വയസ്സ്, M/o. റിയാസ് മോൻ
പുത്തൻപറമ്പിൽ വീട്, പുന്നപ്ര പി.ഒ, പുന്നപ്ര വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ – 688 004

(പ്രതിനിധീകരിക്കുന്നത് അഡ്വ. നജിബ് കെ)

ഗ്രാമന്യായാലയ * ചാലക്കുടി ബ്ലോക്ക്, സന്നാഥനപുരം പി.ഒ. പിൻ 688 003



2005 ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 28-ാം വകുപ്പ് പ്രകാരമുള്ള ഈ ഹർജി 05.11.2025 ന് വാദം കേട്ട് 29.11.2025 ന് ഈ കോടതി പുറപ്പെടുവിക്കുന്ന

# ഉത്തരവ്

1. ഈ ഹർജി ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിലെ 28-ാം വകുപ്പ് പ്രകാരം ബോധിപ്പിച്ചിട്ടുള്ളതാണ്.

2. ഹർജി സംഗതികൾ ഇപ്രകാരം ആണ് :-

   ഈ കേസിൽ 11.07.2022 തീയതിയിലെ CMP.380/2020 എന്ന ഉത്തരവ് പ്രകാരം ഒന്നാം എതൃകക്ഷി പ്രതിമാസം 5000/- രൂപ വീതം ഒന്നും രണ്ടും മൂന്നും ഹർജിക്കാർക്ക് ജീവനാംശം നൽകണമെന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ഒന്നാം എതൃകക്ഷി പ്രസ്തുത ഉത്തരവ് പാലിച്ചിട്ടില്ല എന്നാണ് ഹർജികക്ഷികൾ ഹർജിയിൽ ബോധിപ്പിച്ചിട്ടുള്ളത്. 06.07.2020 മുതൽ 30.06.2024 വരെ എതൃകക്ഷി ഹർജികക്ഷികൾക്ക് പ്രതിമാസ ജീവിത ചിലവിനത്തിൽ ലഭിക്കാനുള്ള 1,70,000/- (ഒരു ലക്ഷത്തി എഴുപതിനായിരം) രൂപ ഹർജിക്കാർക്ക് നൽകാതെ മനപ്പൂർവ്വം ലംഘിക്കുകയും ചെയ്ത എതൃകക്ഷികളുടെ മേൽ നമ്പർ കേസിലെ Defense strike off ചെയ്യണമെന്നാണ് ഹർജി സംഗതി.

3. എതൃകക്ഷികൾക്ക് ഹർജിയുടെ പകർപ്പ് നൽകിയിട്ടുള്ളതും എതൃകക്ഷികൾ ഹാജരാകുകയും ആക്ഷേപം ഫയൽ ചെയ്യുകയും ചെയ്തു.

4. ഹർജിക്ക് എതൃകക്ഷികൾ താഴെ പറയും വിധം ആക്ഷേപം ബോധിപ്പിച്ചു :

   ഹർജി നിയമവശാലോ കാര്യവശാലോ നിലനിൽക്കുന്നതല്ല. ആക്ഷേപത്തിൽ ഈ കോടതിയുടെ 11.07.2022 തീയതിയിലെ CMP.380/2020 ഇടക്കാല ഉത്തരവ് പ്രകാരം 06.07.2020 മുതൽ ഈ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതാണെന്ന് എവിടെയും പറഞ്ഞിട്ടില്ലാത്തതാണ് എന്നും ടി കോടതിയുടെ 11.07.2022 തീയതിയിലെ ഉത്തരവിന് ശേഷം 2022 ആഗസ്റ്റ് മാസം മുതൽ നാളിതുവരെയുള്ള ജീവനാംശ സംഖ്യ ഒന്നാം എതൃകക്ഷി ഹർജിക്കാർക്ക് നൽകിയിരുന്നതാണെന്നും, ടി കോടതിയുടെ ഉത്തരവ് കൃത്യമായി പാലിച്ച് ഒന്നാം എതൃകക്ഷി ഹർജിക്കാർക്ക് ജീവനാംശം നൽകി വരുന്നതിനാൽ തങ്ങളുടെ ഭാഗം Defense strike off ചെയ്യരുതെന്നും ആകയാൽ ടി ഹർജി തള്ളി ഉത്തരവ് ഉണ്ടാകണമെന്നും അപേക്ഷിച്ചിരിക്കുന്നു.

5. ഇരു ഭാഗവും വാദം കേട്ടു. ഹാജരാക്കിയ രേഖകൾ വിശദമായി പരിശോധിച്ചു.

6. ഈ കോടതിയുടെ 11.07.2022 തീയതിയിലെ CMP.380/2020 എന്ന ഉത്തരവ് പരിശോധിച്ചതിൽ നിന്നും ഒന്നാം എതൃകക്ഷിയോട് രണ്ടും മൂന്നും ഹർജിക്കാർക്ക് അവർ മേജർ ആകുന്നത് വരെയോ അല്ലെങ്കിൽ തുടർന്ന് ഒരു ഉത്തരവ് ഉണ്ടാകുന്നതു വരെയോ കുട്ടികൾക്ക് (രണ്ടും മൂന്നും ഹർജിക്കാർ) ഓരോരുത്തർക്കും 2000/- രൂപ വീതവും ഒന്നാം ഹർജിക്കാരിക്ക് പ്രതിമാസം 1000/- രൂപയും വീതം ആകെ 5000/- രൂപ പ്രതിമാസം ഒന്നാം എതൃകക്ഷി നൽകണമെന്ന് ഉത്തരവ് ആയിട്ടുള്ളതാണെന്ന് കാണാവുന്നതാണ്. എന്നാൽ ഏത് തീയതി മുതലാണെന്ന് ഈ ഉത്തരവിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലാത്തതാണ്.

7. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ***2020 (6) KHC (1) Rajnesh v. Neha*** എന്ന കേസിൽ മെയിന്റനൻസ് നൽകിയ തീയതി ഹർജി ഫയൽ ചെയ്ത തീയതി മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്ന് പറഞ്ഞിട്ടുള്ളതാണ്. ഈ കേസിലെ റെക്കോർഡുകളും, എതൃകക്ഷി സമർപ്പിച്ച ബാങ്ക് പാസ്സ് ബുക്കിലെ പകർപ്പുകൾ പരിശോധിച്ചതിൽ നിന്നും, ഇരുകക്ഷികളുടെയും വാദം കേട്ടതിൽ നിന്നും ഒന്നാം എതൃകക്ഷിയായ റിയാസ് മോൻ 2022 ആഗസ്റ്റ് മാസം മുതൽ കൃത്യമായി പ്രതിമാസം 5000/- രൂപ വെച്ച് 2025 ഏപ്രിൽ മാസം വരെ ഒന്നാം ഹർജിക്കാരിയായ നഫ്ലി പി.എസ്സിന് നൽകിയിട്ടുണ്ട് എന്ന് കോടതിക്ക് ബോധ്യം വന്നിട്ടുള്ളതാണ്.

8. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മേൽപറഞ്ഞ ***2020 ലെ രജനീഷ്*** കേസിൽ Defense strike off ചെയ്യേണ്ടത് last resort ആയി മാത്രമെ പ്രയോഗിക്കാവൂ എന്ന് സ്പഷ്ടമായി പറഞ്ഞിട്ടുള്ളതാണ്. ഈ കേസിൽ എതൃകക്ഷി ഈ കോടതിയുടെ 11.07.2022 തീയതിയിലെ CMP.380/2020 എന്ന ഉത്തരവ് പാലിക്കാതെ ഇരുന്നിട്ടില്ല എന്ന് മേൽപ്പറഞ്ഞ ബാങ്ക് ട്രാൻസാക്ഷൻ രേഖയിൽ നിന്നും ഈ കോടതിക്ക് ബോധ്യമായിരിക്കുന്നു. ആയതിനാൽ Defense strike off ചെയ്യുന്നതിനുള്ള അന്തിമ ഉപാധികൾ ആവശ്യമില്ല എന്ന് കണ്ടെത്തുന്നതിനാൽ ഈ കോടതിക്ക് നടപടികൾ കൈക്കൊള്ളാനാകില്ല. ആകയാൽ ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരാത്തതും കേസിന് തീർപ്പ് കൽപ്പിക്കാൻ ആവശ്യം ഇല്ല എന്ന കാരണത്താലും ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്ന Defense strike off ചെയ്യുന്നത് അനുവദിക്കത്തക്കതല്ല.

മേല്പറഞ്ഞ കാരണങ്ങളാൽ ഈ ഹർജി തള്ളി ഉത്തരവാകുന്നു.

ഈ വിധിയിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് ഈ തീയതി മുതൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ കോടതിയിൽ അപ്പീൽ ഹർജി കൊടുക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2025 നവംബർ മാസം 29 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

ഗ്രാമന്യായാലയ, അമ്പലപ്പുഴ ബ്ലോക്ക്, സനാതനപുരം പി.ഒ. പിൻ 688 003

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**